# പുളിമാത് സിഡിഎസ്

# കൊറോണ കാലത്തെ അതിജീവന പാതയിൽ

## <u>പുളിമാത് ഗ്രാമപഞ്ചായത്ത്</u>

കിളിമാനൂർ ബ്ലോക്കിനുള്ളിൽ സ്ഥിതി ചെയ്യുന്ന 8 പഞ്ചായത്തുകളിൽ ഒന്നാണ് **പുളിമാത്** ഗ്രാമപഞ്ചായത്ത്. 19 വാർഡുകൾ ഉൾക്കൊണ്ട് കൊണ്ട് സമ്പൂർണമാണ് ഇവിടം. ലോകമാകെ വ്യപിച്ച മഹാമാരി ആയ കോവിഡ് - 19 വലിയൊരു വിഭാഗം ജനങ്ങളുടെ ജീവിതത്തിൽ വളരെ പ്രതികൂലമായി ബാധിച്ചു. ഇവയെല്ലാം വളരെ അധികം കരുതലോടെ നോക്കി കാണുകയും ഇതിനെതിരെ പഞ്ചായത്തും സിഡ്സ് ഉം ഒരുപോലെ തന്നെ പ്രവർത്തനം നടത്തുകയും ചെയ്തു.

പുളിമാത്ത് കുടുംബശ്രീ സിഡിഎസ് _- കൊറോണ കാലയളവിൽ ചെയ്ത പ്രവർത്തന റിപ്പോർട്ട്

## <u>സംഘടന</u>

കൊറോണ കാലം ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുകൾ വരുത്തുന്നത് വയോജനങ്ങൾക്കും കുട്ടികൾക്കുമാണ് എന്ന തിരിച്ചറിവോട് കൂടിയാണ് പുളിമാത് സിഡ്സ് പ്രവർത്തനങ്ങൾ നടപ്പാക്കിയത്. വയോജനങ്ങൾക്കും, വാർഡുകളിൽ ഹെൽത്ത് സെന്ററിൽ നിന്നും മെഡിസിൻ വാങ്ങുന്നവർക് കുടുബശ്രീ സിഡ്സ് അംഗങ്ങൾ മെഡിസിൻ



വാങ്ങി നൽകി. സിഡ്സ്, എ ഡി എസ്, അയൽക്കൂട്ടം തലത്തിൽ വാട്സ്ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചു. ഈ ഗ്രൂപ്പുകൾ കോവിഡ് കാലത്ത് വിവരങ്ങൾ കൈമാറുന്നതിന് വളരെ അധികം സഹായകമായി. എല്ലാ വയോജന അംഗങ്ങൾക്കും തങ്ങളുടെ അനുഭവങ്ങൾ, ഓർമ്മകൾ, കഥകൾ, കവിതകൾ, എന്നിവ എഴുതി വാട്സ്ആപ്പ് വഴി കൈമാറ്റം ചെയ്യാൻ സാധിച്ചു.

എല്ലാ അയൽക്കൂട്ടങ്ങളിലും കൊറോണ കാലഘട്ടത്തിൽ വയോജനങ്ങൾക് വേണ്ടി ചെയ്ത വർക്കുകൾ ക്രോഡീകരിച്ചു. വാട്സ്ആപ്പ് ഗ്രൂപ്പിലൂടെ താഴെ തട്ടിൽ നിന്നും സിഡ്സിലേക്കും ജില്ലാ മിഷനിലേക്കും എത്തിക്കുകയും ചെയ്തു. അതുപോലെ ജില്ലാ മിഷനിൽ നിന്നും എല്ലാ വിവരങ്ങളും താഴെ തട്ടിലേക്ക് എത്തിക്കുവാൻ കഴിഞ്ഞു.

## മൈക്രോ ഫിനാൻസ്



മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ലോൺ ആയ സി എം എച് എൽ എസ് ലോൺ വഴി മൂന്നുകോടി ആറു ലക്ഷത്തി അറുപത്തി ഏഴായിരത്തി മുന്നൂറ്റി അൻപത് രൂപയോളം വാർഡുകളിൽ വിതരണം ചെയ്യുന്നതിനായി ലോൺ എഗ്രിമെന്റ് നടപ്പാക്കി. ഇരുന്നൂറ് അയൽക്കൂട്ടങ്ങളിൽ അധികം ലോൺ ആവശ്യപെട്ടിട്ടുണ്ട്. പ്രസിഡന്റ് ശ്രീ. വിഷ്ണു അവർകൾ ചെയർപേഴ്സന് എന്നിവരുടെ നേതൃത്തെത്തിൽ ലോൺ ഉത്കടനം ചെയ്തു.

## മൈക്രോ എന്റർപ്രൈസസ്




സാധാരണകാരായ ജനങ്ങൾക് കൊറോണ കാലയളവിൽ ഭക്ഷണം എത്തിക്കുന്നതിനായി കമ്മ്യൂണിറ്റി കിച്ചെന് നേതൃത്വം നൽകി.

കമ്മ്യൂണിറ്റി കിച്ചണിൽ സിഡി എസ് ഇൽ രജിസ്റ്റർ ചെയ്ത കാറ്ററിംഗ് യൂണിറ്റ് അംഗങ്ങളെ പാചകം ചെയ്യുന്നതിന് ഏൽപ്പിച്ചു. ദിവസവും 500 ഓളം ജനങ്ങൾക് സൗജന്യമായി ഭക്ഷണം നൽകുകയും ആശ്രയ കുടുംബങ്ങൾ ആയുള്ള സഞ്ചരിക്കൻ കഴിയാത്തവർക് ഭക്ഷണം താമസ സ്ഥലത്ത് എത്തിക്കുകയും ചെയ്തു. 19 എ ഡി എസ് നിന്നും 112000 രൂപയായും 100000 രൂപയുടെ സാധനങ്ങളും നൽകുക ഉണ്ടായി.കമ്മ്യൂണിറ്റി കിച്ചെൻ അവസനിച്ചുടൻ ജനകീയ ഹോട്ടൽ പ്രവർത്തനം ആരംഭിച്ചു.

സപ്ലൈകോയിലേക് ആവശ്യമായ ബിഗ് ഷോപ്പേർ - ബാഗ് യൂണിറ്റുകൾ നൽകി. വാർഡുകളിൽ നിന്നും പഞ്ചായത്തിലേക്കും,കമ്മ്യൂണിറ്റി കിച്ചണിലേയ്ക്യും പൊതു ജനങ്ങൾക്കും മാസ്ക് സൗജന്യമായി എത്തിച്ചു. ഹാൻഡ് വാഷ് , സാനിറ്റൈസർ എന്നിവ അയൽക്കൂട്ടങ്ങളിൽ വിതരണം ചെയ്തു.

## സോഷ്യൽ ഡെവലപ്പ്മെന്റ്



കോറിയെന്ററിൽ കഴിഞ്ഞിരുന്ന ആൾക്കാരെ എന്നും വിളിക്കുകയും അവരുടെ ക്ഷേമം അന്വേഷിക്കുകയും ചെയ്തു. കോറിയെന്ററനിൽ വീടുകളിൽ അവർ ആവശ്യപ്പെട്ട സാധനങ്ങൾ ,ഫോൺ ചാർജ് ഉൾപെടെ ചെയ്തു കൊടുത്തു

60വയസ്സിനു മുകളിൽ ഉള്ള ആശ്രയ ഗുണഭോക്താക്കളുടെ സിഡിഎസ് ചുമതല പെട്ടവർ വിളിച്ചു വിവരങ്ങൾ അന്വേഷിക്കുകയും,വേണ്ടവ ചെയ്തു നൽകുകയും ചെയ്തു.

പഞ്ചായത്ത് ഓഫീസും പരിസരവും ഫയർ ഫോഴ്‌സിന്റെ നേതൃത്തെത്തിൽ അണുവിമുക്തമാക്കി. സേവഭാരതി സംഘടനയുടെ നേതൃത്തെത്തിൽ റോഡും മറ്റു സ്ഥാപനങ്ങളും ശുചീകരിച്ചു.

**എം കെ എസ് പി**




കാർഷിക രംഗം മെച്ചപ്പെടുത്തുന്നതിന് എല്ലാ അയൽകൂട്ടങ്ങൾക്കു വിത്തുകൾ വിതരണം ചെയ്തു .തരിശ് ഭൂമി സംഘകൃഷി ഗ്രൂപ്പുകൾ ഏറ്റെടുത്തു ചെയ്യാൻ ആരംഭിച്ചു. ലോക്ക് ഡൌൺ കാലയളവിൽ ജനങ്ങൾ കൃഷിയിൽ ഉപജീവനം കണ്ടെത്തുകയും അത് മികച്ച ഒരു പ്രോത്സാഹനം ആയി തുടരുകയും ചെയുന്നു. തരിശ് ഭൂമിയിൽ ബലാസഭ കുട്ടികൾ കൃഷി ചെയ്യാൻ ആരംഭിച്ചു.അവരുടെ ഒഴിവ് കാലം ആഘോഷമാകാനും കുട്ടികൾക്കു ഇതിലൂടെ സാധിക്കുന്നു.

റിപ്പോർട്ട് തയ്യാറാക്കിയ

**ബ്ലോക്ക് കോർഡിനേറ്റർ**
ആസിയ. A.L
7034928935

**ചെയർപേർസൺ** തങ്കമണി കുറുപ്
8592930045